**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **14-10-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് കോൺസ്റ്റബിൾ ടെലികമ്മ്യൂണിക്കേഷൻ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പോലീസിലെ ടെക്നിക്കൽ വിഭാഗമായ ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിൽ നിന്നും അന്യായമായി ഉദ്യോഗസ്ഥരെ ജനറൽ ഡ്യൂട്ടികൾക്കായി തസ്തിക മാറ്റി നിയമിച്ചതിനെതിരെ പ്രസ്തുത ഉദ്യോഗസ്ഥർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ട്രിബ്യൂണലിന്റെ വിധി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ നിലവിലുണ്ടെങ്കിലും ആയതിൽ അന്തിമ വിധി വന്നിട്ടില്ല. |
| (ബി) | ജനറൽ പോലീസ് വിഭാഗമായ കെ.എ.പി, ഐ.ആർ. ബറ്റാലിയൻ എന്നിവിടങ്ങളിലെ സി.പി.ഒ./ പി.സി. ഉദ്യോഗം രാജിവെച്ച് തന്മൂലം ശമ്പളത്തിൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുക്കാതെ, ടെക്നിക്കൽ വിഭാഗമായ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ജോലി നേടിയ എൺപതിൽപരം ഉദ്യോഗസ്ഥരെ ഇപ്രകാരം വീണ്ടും ലോക്കൽ പോലീസിലേക്ക് തസ്തിക മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും പോലീസ് ഉദ്യോഗസ്ഥരെ ലോക്കൽ പോലീസിലേയ്ക്ക് തസ്തിക മാറ്റി നിയമിച്ചിട്ടില്ല. ടെലി കമ്മ്യൂണിക്കേഷൻ കേഡറിൽ ഉള്ള ഉദ്യോഗസ്ഥർക്ക് ബാധകമായ സ്പെഷ്യൽ റൂൾസും ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് തന്നെ സൈബർ ഡിവിഷനിലേക്ക് പുനർ വിന്യസിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് പൂർണ്ണമായും ചട്ടപ്രകാരമാണ്. കാലോചിതമായി തസ്തിക പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ